ഖുത്ബ
11.11.2005
നാസിർ മസ്ജിദ്, ഹാർട്ട്ലെപൂൾ
ഇംഗ്ലണ്ട്

# നാസിർ മസ്ജിദ് ഉദ്ഘാടനവും തഹ്‌രീകെ ജദീദ് പുതുവർഷ പ്രഖ്യാപനവും

يٰبَنِيْٓ اٰدَمَ قَدْ اَنْزَلْنَا عَلَيْكُمْ لِبَاسًا يُّوَارِيْ سَوْاٰتِكُمْ
وَرِيْشًا ۭ وَلِبَاسُ التَّقْوٰى ۙ ذٰلِكَ خَيْرٌ ۭ ذٰلِكَ مِنْ
اٰيٰتِ اللّٰهِ لَعَلَّهُمْ يَذَّكَّرُوْنَ
يٰبَنِيْٓ اٰدَمَ خُذُوْا زِيْنَتَكُمْ عِنْدَ كُلِّ مَسْجِدٍ وَّكُلُوْا
وَاشْرَبُوْا وَلَا تُسْرِفُوْا ۚ اِنَّهٗ لَا يُحِبُّ الْمُسْرِفِيْنَ

**അ**ൽഹംദുലില്ലാഹ്! രാജ്യത്തിന്റെ ഈ ഭാഗത്തും പള്ളിനിർമ്മിക്കാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് നല്കി. അല്ലാഹു ജമാഅത്തിന്റെ ത്യാഗങ്ങളെ സ്വീകരിക്കുമാറാകട്ടെ. ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ ഈ പള്ളി നിർമ്മിച്ചിട്ടുള്ളത്, ഇവിടെ താമസിക്കുന്ന ഓരോ അഹ്മദിയും ആ ഉദ്ദേശ്യം പൂർത്തിയാക്കുന്നവരായിത്തീരട്ടെ. യു.കെ. അൻസാറുല്ലായെയാണ് ഞാൻ ഈ പള്ളി നിർമ്മാണത്തിനായി ചുമതലപ്പെടുത്തിയിരുന്നത്; അവർ ഇതിന്റെ മുഴുവൻ ചെലവും അല്ലെങ്കിൽ ചെലവിന്റെ സിംഹഭാഗവും വഹിക്കണമെന്ന് പറഞ്ഞിരുന്നു. അൽഹംദുലില്ലാഹ്. അവരവരുടെ ഉത്തരവാദിത്തം മനസ്സിലാക്കി തുറന്നഹൃദയത്തോടെ ത്യാഗങ്ങളിൽ ഭാഗഭാക്കായി. ഈ പള്ളിയുടെ നിർമ്മാണം അധികവും അവരുടെ ത്യാഗങ്ങൾ കൊണ്ടുതന്നെയാണ് പൂർത്തിയായത്. അവർ ചെയ്ത വാഗ്ദാനവും ഏകദേശം 75 ശതമാനവും അടച്ചുകഴിഞ്ഞിരിക്കുന്നു. കുടിശ്ശികയുള്ളതും എത്രയുംവേഗം അടച്ചുതീർക്കുന്നതാണ്. അല്ലാഹു ഇവരുടെയെല്ലാം സമ്പത്തിലും ആയുസ്സിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. ഈ പള്ളിനിർമ്മാണത്തിൽ സാമ്പത്തികമായും അല്ലാതെയും ഭാഗഭാക്കായിട്ടുള്ളവരെ അല്ലാഹു അനുഗ്രഹിക്കട്ടെ. വാളന്റിയർമാർ വഖാറെ അമൽ ചെയ്തുകൊണ്ട് ഒരുപാട് ജോലികൾ നിർവഹിച്ചിരുന്നു. ഈ പള്ളിനിർമ്മാണം അസംഭാവ്യമായിട്ടാണ് ചിലർക്ക് തോന്നിയിരുന്നത്. ഇന്ന് ഈ ദിവസം പള്ളി ഉദ്ഘാടനം നടക്കുമോ എന്നും ശങ്കിച്ചിരുന്നു. എന്നാൽ, ഈ വളന്റിയർമാർ രാപ്പകൽ കഠിനാധ്വാനം ചെയ്ത് ഈ അസംഭാവ്യമായ പ്രവർത്തനത്തെ സംഭാവ്യമാക്കിത്തീർത്തു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന്റെ ത്യാഗങ്ങളുടെ മാതൃകയാണിത്. ഇത് അഹ്മദിയ്യാ ജമാഅത്തിലല്ലാതെ മറ്റെങ്ങും കാണാൻ സാധ്യമല്ല. പ്രവർത്തനത്തിലേക്കിറങ്ങുകയും, അത് പൂർത്തിയാക്കണമെന്ന് ഉറപ്പിക്കുകയും ചെയ്താൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദുആയിൽ നിരതരായി ഭ്രാന്തമായ അഭിനിവേശത്തോടെ അവർ കഠിനാധ്വാനം ചെയ്യുന്നു. രാത്രിയെന്നോ പകലെന്നോ വകഭേദമില്ലാതെ അധ്വാനിക്കുന്നു. അല്ലാഹുതആല ഇവർക്കെല്ലാം ഉദാത്തമായ പ്രതിഫലം നല്കുമാറാകട്ടെ. അവരുടെ വിഷമങ്ങളും ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അകറ്റുമാറാകട്ടെ. ഇപ്പോൾ ഈ പള്ളിനിർമ്മാണം പൂർത്തിയായിരിക്കുന്നു. നമ്മുടെ ഉത്തരവാദിത്തം കൂടിയിരിക്കുന്നു. നാം പള്ളി നിർമ്മിക്കുന്നത് മനോഹരമായ കെട്ടിടം നിർമ്മിക്കുക എന്ന ഉദ്ദേശ്യത്തോടെയല്ല. എത്ര മനോഹരമായ പള്ളിയാണ് നിർമ്മിച്ചതെന്ന് മറ്റുള്ളവർ കണ്ടുപറയാനല്ല. അത് കണ്ട് നാം സന്തോഷിക്കാനുമല്ല. അല്ലാഹുവിന്റെ തിരുസന്നിധിയിൽ സദാ കുനിഞ്ഞുകൊണ്ടിരിക്കുന്ന അല്ലാഹുവിന്റെയാളുകളുടെ ജമാഅത്ത് ഏകദൈവത്തെ ആരാധിക്കുന്നതിനായി അല്ലാഹുവിന്റെ പേരിൽ, അല്ലാഹുവിന്റെ ഭവനം നിർമ്മിക്കുകയാണ് ചെയ്യുന്നത്. ദുനിയാവിലെ ഒരു അത്യാഗ്രഹവും തിക്കുംതിരക്കും അവരെ അല്ലാഹുവിന്റെ ആരാധനയിൽനിന്ന് അശ്രദ്ധരാക്കുന്നതായിട്ടില്ല. അവർ അല്ലാഹുവിന്റെ ഈ കല്പനയെക്കുറിച്ച് ശരിയായ ബോധമുള്ളവരാണ്. അതായത് ***വമാ ഖലഖ്ത്തുൽജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ***. ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടുള്ളത് എന്നെ ആരാധിക്കുന്നതിനുവേണ്ടിയാണ്. എന്നെ തിരിച്ചറിയാനാണ്. ആരാധിക്കുന്നതിനു വേണ്ടി അവൻ നമ്മെ രീതി പഠിപ്പിച്ചിട്ടുണ്ട്. ***ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ്*** എന്ന് പ്രഖ്യാപിച്ച ഒരു സത്യവിശ്വാസിക്ക് അഞ്ചുനേര നിസ്കാരം നിർബന്ധമാക്കിയിരിക്കുന്നു. നിസ്കാരത്തിന്റെ അഞ്ചുസമയങ്ങളും നിർണ്ണയിച്ചുതന്നു. ആ അഞ്ചു സമയങ്ങളിൽ പള്ളിയിൽപോയി നിസ്കാരം ജമാഅത്തോടുകൂടി അനുഷ്ഠിക്കേണ്ടത് നിങ്ങൾക്കു നിർബന്ധമാണ്.

ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി(സ)

തിരുമേനി പറഞ്ഞു: ജമാഅത്തോടുകൂടിയുള്ള നിസ്കാരത്തിന് തനിച്ചു നിസ്കരിക്കുന്നതിനെ അപേക്ഷിച്ച് ഇരുപത്തിയേഴിരട്ടി പുണ്യമുണ്ട്. അതായത് അതിന്റെ പ്രതിഫലം വളരെ അധികമാണ്.

നമ്മൾ പള്ളി പണിയുന്നത് ആരെയെങ്കിലും കാണിക്കുന്നതിനു വേണ്ടിയോ ആരോടെങ്കിലും മത്സരിക്കുന്നതിനുവേണ്ടിയോ അല്ല. അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നതിനും അവനെ ആരാധിക്കുന്നതിനും വേണ്ടിയാണ് നാം പള്ളി നിർമ്മിക്കുന്നത്. ഈ ചിന്തയോടുകൂടി ഓരോ അഹ്മദിയും പള്ളിയിൽ വരേണ്ടതാണ്. ഇവിടെ വസിക്കുന്ന അഹ്മദികളിൽ ചിലർ നിത്യവൃത്തിക്കായി പോകുന്നവരുണ്ട്. ചിലർക്ക് സുഹ്റിനും അസ്റിനും ചില ഘട്ടങ്ങളിൽ മഗ്രിബ്നും പള്ളിയിൽ വരാൻ സാധിക്കില്ല. അവർ തങ്ങളുടെ ജോലിസ്ഥലത്ത് നിസ്കരിക്കേണ്ടതാണ്. എന്നാൽ, ജോലിയൊന്നുമില്ലാതിരിക്കുന്ന ഒരുപാടാളുകളുണ്ട്. അവർ അഞ്ചുനേരവും പള്ളിയിൽ വരേണ്ടതാണ്. ഇനി ഈ പള്ളി അഞ്ചുനേരവും നിസ്കാരത്തിനായി തുറക്കപ്പെടണം. ജോലിക്ക് പോകുന്നവരെന്ന് ഞാൻ പറഞ്ഞകൂട്ടരും സുബ്ഹി, മഗ്രിബ്, ഇശാ എന്നീ നിസ്കാരങ്ങൾക്കായി പള്ളിയിൽ വരേണ്ടതാണ്. ഓരോ പുരുഷനും ഇത് നിർബന്ധകടമയാണ്. എന്നല്ല, പത്ത് വയസ്സിനോടടുക്കുന്ന ഓരോ കുട്ടിക്കും നിർബന്ധമാണ്. ഭൗതികമായ ജോലിത്തിരക്കോ മറ്റു ഒഴികഴിവുകളോ നിസ്കാരത്തിന് പള്ളിയിൽ വരാൻ തടസ്സമാകുന്നത് ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ താൻ വിശ്വസിച്ചിരിക്കുന്നുവെന്നും അങ്ങനെ മറ്റുള്ളവരിൽനിന്ന് തന്നെ വ്യത്യാസപ്പെടുത്തിയിരിക്കുന്നുവെന്നും വാദിക്കുന്ന ഒരഹ്മദിയുടെ അന്തസ്സിന് നിരക്കുന്നതല്ല. നിസ്കാരത്തിനായി ഭൗതികമായ എല്ലാ നിർബന്ധ കാര്യങ്ങളേയും പിൻപുറം തള്ളിക്കളയുന്നതിലാണ് അഹ്മദികളുടെ യശസ്സ് നിലകൊള്ളുന്നത്. ദുനിയാവിലെ ഒരു അത്യാർത്തിയും ഒരു താല്പര്യവും ജമാഅത്തായിട്ടുള്ള നിസ്കാരത്തിന് തടസ്സമാകാൻ പാടില്ല. തടസ്സമായാൽ, പള്ളിക്കുവേണ്ടി നിങ്ങൾ ചെയ്ത ഈ ത്യാഗങ്ങളും ഈ കെട്ടിടവും നിഷ്ഫലമാവുന്നതാണ്. അപ്പോൾ അത് ഹൃദയം തഖ്‌വകൊണ്ട് നിറഞ്ഞവർ നിർമ്മിച്ചതാകുകയില്ല. മറിച്ച്, താൽക്കാലികാവേശംമൂത്തവർ നിർമ്മിച്ചതായിരിക്കും. ഈ ഉദ്ദേശ്യവും ജീവിതലക്ഷ്യവും മനസ്സിലാക്കാനും ഹൃദയത്തെ തഖ്‌വയാൽ അലങ്കരിക്കാനും പള്ളിയെ ജനവാസമുള്ളതാക്കിത്തീർക്കാനും അല്ലാഹു നിങ്ങളോരോരുത്തരേയും അനുഗ്രഹിക്കുമാറാകട്ടെ.

ഞാനോതിയ വചനത്തിൽ അല്ലാഹുതആല നമ്മെ ആദമിന്റെ സന്തതികളേ! എന്ന് വിളിച്ചുകൊണ്ടാണ് കാര്യങ്ങൾ പറയാൻ തുടങ്ങിയിട്ടുള്ളത്. ഇതിനുമുമ്പേ ആദമിനെക്കുറിച്ചാണ് വിശദീകരിക്കുന്നതും. അതായത്, എങ്ങനെയാണ് അല്ലാഹു ചില കാര്യങ്ങളിൽനിന്ന് ആദമിനെ വിലക്കിയതെന്ന്. പക്ഷെ, ശയ്ത്താന്റെ അധീനതയിൽ കുടുങ്ങി അല്ലാഹുവിന്റെ കല്പനയ്ക്ക് വിരുദ്ധമായ പ്രവർത്തനം അദ്ദേഹത്തിൽനിന്നുണ്ടായി. പിന്നീട് ആദമിനും ഹവ്വായ്ക്കും അതിനെക്കുറിച്ച് ബോധമുണ്ടായപ്പോൾ - അല്ലാഹു പറഞ്ഞത് അംഗീകരിക്കാത്തതുകൊണ്ട് എല്ലാം തെറ്റായിപ്പോയെന്നറിഞ്ഞപ്പോൾ അവർ രണ്ടുപേരുടേയും ശ്രദ്ധ ഇസ്തിഗ്ഫാറിലേക്ക്, പാപപ്പൊറുതി തേടുന്നതിലേക്ക് അവർ തിരിച്ചു. അതിനുശേഷം പശ്ചാത്താപവും പാപപ്പൊറുതി തേടലും കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടാൻ അവർ പരിശ്രമിക്കുകയും ചെയ്തു. അതിന്റെ ഫലമായി അല്ലാഹുവിനോടുള്ള ഭയവും പേടിയും അവരിലുണ്ടായി. അല്ലാഹുതആല ഞാനോതിയ ആദ്യത്തെ വചനത്തിൽ പറയുന്നു. “ആദം സന്തതികളേ! നിശ്ചയമായും നാം നിങ്ങൾക്ക് നിങ്ങളുടെ നഗ്നത മറയ്ക്കാനും വേഷഭൂഷണങ്ങൾക്കായും വസ്ത്രത്തെ ഇറക്കിത്തന്നിരിക്കുന്നു. എന്നാൽ, തഖ്‌വയുടെ വസ്ത്രമാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. അത് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്- അവർ ഉപദേശം കരസ്ഥമാക്കുവാൻ വേണ്ടി. (*7:27*)

നിങ്ങളുടെ മുമ്പിൽ നിങ്ങളുടെ പിതാവായ ആദമിന്റെ മാതൃകയുണ്ട്. ശയ്ത്താൻ അദ്ദേഹത്തിന്റെ മനസ്സിൽ ദുർബോധനം ചെയ്തു. തൽഫലമായി അദ്ദേഹത്തിന് തെറ്റ് സംഭവിക്കുകയും സ്വന്തം ബലഹീനത മനസ്സിലാകുകയും ചെയ്തപ്പോൾ അദ്ദേഹം തൗബ ചെയ്യുകയും പാപപ്പൊറുതി തേടുകയും അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തുടനെ അത് അദ്ദേഹത്തിന്റെ ബലഹീനതയെ മറച്ചുകളഞ്ഞു. ശയ്ത്താന്റെ ആക്രമണങ്ങളിൽനിന്ന് നിങ്ങൾക്കും രക്ഷപ്പെടണമെങ്കിൽ പശ്ചാത്തപിച്ചുമടങ്ങുകയും പാപപ്പൊറുതി തേടുകയും അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുകയും ജീവിതോദ്ദേശ്യം തിരിച്ചറിയുകയും വേണം. കാരണം ശയ്ത്താന്റെ ആക്രമണം ഓരോ ചുവടിലും വ്യാപിച്ചിരിക്കുകയാണ്. ഭൗതികമായ അത്യാർത്തിയിൽ നിന്ന് രക്ഷപ്പെടുന്നതിന് ഈയൊരു മാർഗ്ഗമേയുള്ളൂ. ഇതുകൂടാതെ മറ്റൊന്നും നമ്മുടെ ബലഹീനതകളെ അകറ്റുന്നതായിട്ടില്ല. ശയ്ത്താന്റെ ആക്രമണങ്ങളിൽ നിന്ന് നിങ്ങളെ രക്ഷിക്കാൻ ഇതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. ഈ കാര്യങ്ങളിലേക്കാണ് നിങ്ങൾ ശ്രദ്ധിക്കേണ്ടത്. ഇതിലേക്ക് നിങ്ങൾ ശ്രദ്ധിക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയവും തഖ്‌വയും ഉണ്ടാകുന്നതാണ്. ഈ തഖ്‌വ ഉണ്ടാകുമ്പോൾ അത് നിങ്ങളുടെ വസ്ത്രമായിട്ടിരിക്കുകയും നിങ്ങളുടെ സൗന്ദര്യത്തെ സംരക്ഷിക്കുകയും എല്ലാ സാത്താനിക ആക്രമണങ്ങ

ളിൽനിന്ന് നിങ്ങളെ സുരക്ഷിതമാക്കിവെയ്ക്കുകയും ദൈവസാമീപ്യം പ്രദാനം ചെയ്യുകയും ചെയ്യുന്നതാണ്. അതുകൊണ്ട് ആത്മീയവും ഭൗതികവുമായ ക്ഷേമം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഈ തഖ്‌വയുടെ വസ്ത്രം സ്വായത്തമാക്കുക. അത് ഏറ്റവും ഉത്തമമായ വസ്ത്രമാണ്. നിങ്ങളുടെ സംരക്ഷണത്തിനോടൊപ്പം കാലാവസ്ഥയുടെ കാഠിന്യത്തിൽ നിന്നും ശയ്ത്താന്റെ ആക്രമണങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനു പുറമെ നിങ്ങളുടെ സൗന്ദര്യവും അതിൽ നിലനില്ക്കും. ഞാനോതിയ അടുത്തവചനത്തിൽ അല്ലാഹു പറയുന്നു. "ആദം സന്തതികളേ! നിങ്ങളുടെ ആരാധനയുടെ ഓരോ സമയത്തും സ്ഥലത്തും നിങ്ങളുടെ അലങ്കാരം സ്വീകരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. എന്നാൽ ഒന്നിലും അമിതത്വം അരുത്. നിശ്ചയമായും അമിതത്വം പ്രവർത്തിക്കുന്നവരെ അവനിഷ്ടപ്പെടുകയില്ല." (*7:32*)

ആദം സന്തതികളേ, നിങ്ങളുടെ ചിന്തകളും വിചാരങ്ങളും അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നതിലേക്കായിരിക്കേണ്ടതാണ്- നിങ്ങൾക്ക് ഇഹലോകവും പരലോകവും ഒരുക്കപ്പെടുന്നതിനും അല്ലാഹുവിന്റെ സ്നേഹം ലഭ്യമാകുന്നതിനും വേണ്ടി. പക്ഷേ, അവന്റെ സാമീപ്യം നല്കുന്ന പ്രത്യേകമായ ഒരു കർമ്മമുണ്ട്. അതിൽ മനുഷ്യൻ അങ്ങേയറ്റം വിനയവും വണക്കവും വിവിധരൂപത്തിൽ പ്രകടിപ്പിക്കുന്നു. അത് നിസ്കാരത്തിന്റെ അവസ്ഥയാണ്. ഇതിൽ സുജൂദ് ചെയ്യുന്ന അവസ്ഥയുണ്ട്. അത് വിനയത്തിന്റെ പരമമായ അവസ്ഥയാണ്. ഇങ്ങനെ സുജൂദിൽ വീഴുക എന്നത് ഒരു മുസ്‌ലിമിന്റെ കടമയാണ്. അതുകൊണ്ട് നിങ്ങൾ ആരാധനയ്ക്കായി പള്ളിയിൽ പോകുമ്പോഴെല്ലാം നിങ്ങളുടെ ചിന്ത എല്ലാ ഭൗതികതാല്പര്യങ്ങളിൽനിന്നും പൂർണ്ണമായും കാലിയാക്കിപോവുക. പശ്ചാത്തപിച്ചും പാപപ്പൊറുതി തേടിയും ദൈവസ്മരണ ചെയ്തുംകൊണ്ട് പള്ളിയിൽ പ്രവേശിക്കുക- പൂർണ്ണമായ ശ്രദ്ധ ആരാധനയിൽ നിങ്ങൾക്കുണ്ടാകുന്നതിനുവേണ്ടി. വുസു ചെയ്ത് നിങ്ങളുടെ ശരീരത്തെ നിങ്ങൾ പരിശുദ്ധമാക്കുകയും ബാഹ്യമായ അഴുക്കുകൾ മാറ്റാൻ ശ്രമിക്കുകയും ചെയ്യുന്നതുപോലെ ആത്മീയമായ നിലയിലും ശുചീകരണത്തിനുള്ള സാഹചര്യമൊരുക്കുക. ഇതിലാണ് നിങ്ങൾക്ക് സൗന്ദര്യമുണ്ടാകുന്നത്. ഇതുമുഖേനയാണ് നിങ്ങളുടെ ആത്മീയ സൗന്ദര്യം വർദ്ധിക്കുന്നത്. അല്ലാഹുവിനെ ഭയന്നും തഖ്‌വയുടെ വസ്ത്രം അണിഞ്ഞും അവന്റെ സന്നിധിയിൽ ഹാജരാകുമ്പോൾ, തന്റെ ദാസരെ ആശ്ലേഷണം ചെയ്യാൻ ആകുലതയോടെ ഇരിക്കുന്ന അല്ലാഹു ഓടിവന്ന് നിങ്ങളെ തന്റെ മടിത്തട്ടിലേക്ക് എടുക്കുന്നതാണ്. പക്ഷേ, അല്ലാഹുവിനുവേണ്ടി മാത്രമായിക്കൊണ്ട്, അവന്റെ മുമ്പിൽ കുനിയുന്നവരായിരിക്കണം. അലസതയോടും മടിയോടും കൂടി പള്ളിയിൽ പോകുന്നവരാകാനോ അല്പനേരം പള്ളിയിൽ നിസ്കാരം കാത്തിരിക്കേണ്ടിവന്നാൽ, അത് ഭാരമായിത്തീരുന്നവരാകാനോ പാടില്ല. ജമാഅത്തായി നിസ്കരിക്കുമ്പോൾ, മനസ്സ് അവിടെയും ഇവിടെയും അലഞ്ഞു നടക്കുകയും ഇമാം നിസ്കരിച്ചത്രയും ഒരുവിധം നിസ്കരിച്ച് സുന്നത്തിന്റെ സമയം വരുമ്പോൾ പെട്ടെന്ന് പെട്ടെന്ന് തല തറയിൽ മുട്ടിച്ച് വെളിയിലേക്ക് ഓടുകയും ചെയ്യുക. ഇങ്ങനെയൊക്കെയാണ് ജനങ്ങളുടെ ഹൃദയങ്ങളിൽ ശയ്ത്വാൻ ദുർബോധനം ചെയ്യുന്നത്. പെട്ടെന്ന് കഴിച്ചുകൂട്ടുക, ഇല്ലെങ്കിൽ ജോലിയെ ബാധിക്കും അങ്ങനെയാകും ഇങ്ങനെയാകും എന്നൊക്കെ അവൻ പറയും. അതുകൊണ്ടാണ് പറഞ്ഞത്, ഇമാമിനെ കാത്ത് അല്പസമയം പള്ളിയിൽ ഇരിക്കേണ്ടിവന്നാൽ ദൈവസ്മരണയിൽ മുഴുകുക എന്ന്. ഹദീസിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: നിസ്കാരവും കാത്ത് വല്ലവനും പള്ളിയിലിരുന്നാൽ അവൻ നിസ്കാരത്തിലെന്നപോലെ കരുതപ്പെടും. മലക്കുകൾ അവനുവേണ്ടി ദുആ ചെയ്യുന്നു: അല്ലാഹുവേ! അദ്ദേഹത്തിന്റെമേൽ കരുണചൊരിഞ്ഞാലും. അദ്ദേഹത്തിന് പൊറുത്തുകൊടുക്കുകയും അദ്ദേഹത്തിന്റെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്താലും.

നോക്കുക, നിസ്കാരം പ്രതീക്ഷിച്ചിരിക്കുന്നവന് എത്രവലിയ പ്രതിഫലമാണുള്ളത്. ഈ പശ്ചാത്താപവും പാപപ്പൊറുതി തേടലും നിസ്കാരത്തിന് കാത്തിരിക്കലും ദൈവസ്മരണയിൽ മുഴുകലും അല്ലാഹുവിന്റെ കല്പനയ്ക്കു വിധേയനായി ആത്മീയമായ സൗന്ദര്യം സ്വായത്തമാക്കാനുള്ള പരിശ്രമിക്കലും കാരണത്താൽ മലക്കുകളും അവന്റെമേൽ സമാധാനാശംസകൾ നേരുന്നു. അവന്റെ സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു. അല്ലാഹുവിന്റെ കല്പനയനുസരിച്ച് അതിനായി സഹായിക്കുന്നു. തന്റെ ദാസന്റെ അടുത്തേക്കുള്ള അല്ലാഹുവിന്റെ ഈ ഓടിവരലിന്റെ- ഒരു ഹദീസിൽ തന്റെ ദാസനിലേക്ക് അല്ലാഹു ഓടിവരുന്നുവെന്ന് വന്നിട്ടുണ്ട്- കാഴ്ചകളും അല്ലാഹു വിവിധ രീതിയിൽ അവന് കാണിച്ചുകൊടുക്കുന്നു. എന്നല്ല, അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ ആവേശം ഉൾക്കൊണ്ടുകൊണ്ട് പള്ളിയിൽ പോകുന്ന കാരണത്താൽ പള്ളിയിലേക്കുയരുന്ന അവന്റെ ഓരോ ചുവടിലും അല്ലാഹു പ്രതിഫലം നല്കുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു:

"വല്ലവനും തന്റെ വീട്ടിൽവെച്ച് നല്ലവണ്ണം വുളു ചെയ്തുകൊണ്ട് അല്ലാഹുവിന്റെ ഭവനങ്ങളിൽപ്പെട്ട ഒരു ഭവനത്തിൽ ഫർളു നിർവഹിക്കാൻവേണ്ടി

ചെല്ലുന്നുവെങ്കിൽ തന്റെ ചവിട്ടടികളിൽ ഒന്ന് ഒരു പാപമകറ്റുന്നതും മറ്റേത് ഒരു പദവി ഉയർത്തുന്നതു മാകുന്നു."

പള്ളിയിൽ പോകുന്നതിനു മുമ്പോ, നിസ്കരിക്കുന്നതിനുമുമ്പോ നല്ലവണ്ണം വുളു ചെയ്യാൻ നബി (സ) പറഞ്ഞിരിക്കുന്നു. ഇതൊരു അടിസ്ഥാനപരമായ കാര്യമാണ്. നല്ലവണ്ണം വുളു ചെയ്യേണ്ടരീതിയും അവിടന്ന് നമുക്ക് മനസ്സിലാക്കിത്തന്നു.

"ഹസ്റത്ത് ഉസ്മാൻ(റ) ഒരിക്കൽ വെള്ളം വാങ്ങി. ആദ്യം മൂന്നുപ്രാവശ്യം കൈപ്പടങ്ങൾ കഴുകി, പിന്നീട് വലതുകൈകൊണ്ട് വെള്ളമെടുത്ത് കുലുക്കൊഴിഞ്ഞു. മൂക്ക് വൃത്തിയാക്കി. മൂന്നുപ്രാവശ്യം തന്റെ മുഖം കഴുകി. പിന്നീട് കൈമുട്ടുൾപ്പെടെ മൂന്നു പ്രാവശ്യം കൈകഴുകി. പിന്നീട് തല തടവി. തുടർന്ന് ഞെരിയാണി ഉൾപ്പെടെ മൂന്നുപ്രാവശ്യം കാലുകൾ കഴുകി. ഇപ്രകാരം വുളു പൂർത്തിയാക്കിയതിനു ശേഷം അവിടന്ന് പറഞ്ഞു: നബി(സ) പറഞ്ഞിരിക്കുന്നു: ഞാൻ ചെയ്തതുപോലെ ഒരാൾ വുളു ചെയ്യുകയും, പിന്നീട് ദുർബോധനങ്ങളിൽനിന്ന് സുരക്ഷിതനായിക്കൊണ്ട് ഭയഭക്തിയോടും വിനയത്തോടുംകൂടി രണ്ട് റക്അത്ത് നിസ്കരിക്കുകയും ചെയ്താൽ അവന്റെ മുൻപാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.

ആത്മീയസൗന്ദര്യം ലഭിക്കുന്നതിനുള്ള നിർബന്ധകാര്യങ്ങളാണിത്. ഓരോ സത്യവിശ്വാസിയും ഇത് സ്വായത്തമാക്കേണ്ടതാണ്. ഞാനോതിയ രണ്ടാമത്തെ വചനത്തിൽ സൗന്ദര്യത്തേയും തഖ്‌വയേയും കുറിച്ച് പ്രതിപാദിച്ചതിനുശേഷം പറഞ്ഞു: "തിന്നുകയും കുടിക്കുകയും ചെയ്യുക. പക്ഷേ, അമിതത്വം കാണിക്കരുത്." ഭക്ഷണം ബുദ്ധിയെ സ്വാധീനിക്കാറുണ്ട്. ശരീരത്തിലും വിചാരവികാരങ്ങളിലും അതിന്റെ സ്വാധീനമുണ്ടാകുന്നു. അതുകൊണ്ട് സംശുദ്ധവുമായ ഭക്ഷണം കഴിക്കേണ്ടതാണ്. തഖ്‌വയിൽ നിന്ന് നിങ്ങളെ അകറ്റിക്കൊണ്ടുപോകുംവിധമുള്ള പ്രവൃത്തികൾ ഉണ്ടാകാതിരിക്കുന്നതിന് ഇത് അനിവാര്യമാണ്. അല്ലാഹു വിലക്കിയിട്ടുള്ള ഭക്ഷണങ്ങൾ കഴിക്കാതിരിക്കുക. അല്ലാഹു വിലക്കിയിട്ടുള്ള പാനീയങ്ങൾ കുടിക്കാതിരിക്കുക. കാരണം അത്തരം വസ്തുക്കൾ തിന്നുകയും കുടിക്കുകയും ചെയ്യുക എന്നത് അനുവദനീയമല്ലാത്ത കാര്യമാണ്. അനുവദനീയമല്ലാത്തത് തിന്നുകയും കുടിക്കുകയും ചെയ്താൽ അല്ലാഹുവിന്റെ പരിധികളെ ലംഘിക്കുന്നവരായിത്തീരും. ***അസ്റാഫ്*** കൊണ്ടുള്ള ഒരുദ്ദേശ്യം കീടബാധയേൽക്കുക എന്നതുമാണ്. ഇക്കാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന രോഗങ്ങൾ നോക്കുക. ഇതെല്ലാം ഭക്ഷണം മുഖേനയാണ് ഉണ്ടാകുന്നത്. മറ്റു കാരണങ്ങളും ഉണ്ടെന്നതു ശരിതന്നെ. എന്നാൽ, ചികിത്സ നടക്കുമ്പോൾ ഡാക്ടർമാർ മരുന്നുകൊടുക്കുന്നതിനു പുറമെ ഭക്ഷണകാര്യത്തെക്കുറിച്ചും പറയുന്നു. ഇക്കാലഘട്ടത്തിൽ എല്ലാ കാര്യങ്ങളും എളുപ്പമായിട്ടുണ്ട്. അലസതയും മടിയുമൊക്കെ അതുകൊണ്ടുതന്നെ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അമിതമായ ഭക്ഷണം തന്നെയാണ് പല രോഗങ്ങൾക്കും കാരണം. ഇവിടെ യൂറോപ്പിലും ചില ഭക്ഷണങ്ങൾ അധികം കഴിക്കുന്നവർക്ക് കുടൽസംബന്ധമായ രോഗങ്ങൾ ഉണ്ടാകുന്നു. ചോക്‌ലേറ്റ് തിന്നുന്ന ശീലക്കാരായ കുട്ടികളോടു, തിന്നരുത് പല്ലുകൾ കേടാകും എന്നു പറയുന്നു. രോഗിയായിക്കഴിഞ്ഞാൽ പിന്നെ ഏകാഗ്രതയോടെ ആരാധനാകർമ്മങ്ങളനുഷ്ഠിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട്, സത്യവിശ്വാസികൾക്കുള്ള കല്പന, അമിതത്വം ഉപേക്ഷിച്ചുകൊണ്ട് കൂടുതലും കുറവുമല്ലാത്ത നിലയിൽ ഭക്ഷിക്കുക എന്നതാണ്. അതുകൊണ്ടാണ് നബി(സ) സത്യവിശ്വാസി ഒരു വയറുകൊണ്ടാണ് തിന്നുന്നതെന്നും സത്യനിഷേധി ഏഴുവയറുകൊണ്ടാണ് തിന്നുന്നതെന്നും പറഞ്ഞിട്ടുള്ളത്. അല്ലാഹുവിന്റെ കല്പനകളെ അവഗണിച്ചുകൊണ്ട് ലഹരിപദാർത്ഥങ്ങൾ ചിലർ ഉപയോഗിക്കാറുണ്ട്. അവർക്ക് മതവുമായിട്ടൊരു ബന്ധവുമില്ല. അല്ലാഹുവിൽനിന്നും അവർ അകന്നുപോകുന്നു. തിന്നുന്നതിലും കുടിക്കുന്നതിലും പരിധി ലംഘിക്കരുതെന്ന് പറഞ്ഞത് അതുകൊണ്ടാണ്. പരിധി ലംഘിക്കുകയാണെങ്കിൽ പല രീതിയിലുള്ള ദോഷങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നു. അത് കൃമികളെപ്പോലെ നിങ്ങളുടെ ആരോഗ്യത്തെ അരിച്ചുകളയും. അങ്ങനെ പുണ്യകർമ്മങ്ങളിൽനിന്ന് പിന്തള്ളപ്പെടും. ഹസ്റത്ത് മസീഹ മൗഊദ്(അ) പറയുന്നു:

മനുഷ്യന്റെ ഈ ശാരീരികാവസ്ഥയ്ക്ക്, ധാർമ്മികവും ആദ്ധ്യാത്മികവുമായ അവസ്ഥകളുമായി സുദൃഢമായ ബന്ധമുണ്ടെന്നാണ് വിശുദ്ധഖുർആനിൽനിന്ന് മനസ്സിലാകുന്നത്. ആഹാരപാനീയങ്ങളുടെ കാര്യത്തിൽ കൈക്കൊള്ളുന്ന സമ്പ്രദായങ്ങൾ പോലും ധാർമ്മികവും ആദ്ധ്യാത്മികവുമായ ഗുണങ്ങളെ രൂപവൽക്കരിക്കുന്നതിൽ ഭാഗഭാക്കാകുന്നുണ്ട്. അതിനാൽ സ്വഭാവസിദ്ധമായ വികാരങ്ങളേയും ശക്തികളേയും ധർമ്മശാസ്ത്രത്തിന്റെ- ശരീഅത്തിന്റെ നിയമനിർദ്ദേശങ്ങൾക്കനുസൃതമായി ഉപയോഗപ്പെടുത്തുന്നപക്ഷം അവ ധാർമ്മികഗുണങ്ങളായി പരിണമിക്കുകയും ആത്മീയാവസ്ഥയിൽ പ്രഭാവം ചെലുത്തുകയും ചെയ്യുന്നതാണ്; ഉപ്പിന്റെ ഖനിയിൽ വീണ് എല്ലാം ഉപ്പായിതീരുന്നതുപോലെ. (അതായത് ഉപ്പിന്റെ ഖനിയിൽ എന്തെങ്കിലും ഇട്ടാൽ അത് ഉപ്പ് രസമുള്ളതായിത്തീരുന്നു. അപ്രകാരം ഈ എല്ലാ അവസ്ഥകളും ധാർമ്മികഗുണങ്ങളായിത്തീരുന്നു) അതുകൊണ്ടുതന്നെയാണ് ഉപാസനാകർമ്മങ്ങൾക്കും ആത്മസംസ്ക്കാരത്തിനും ഏകാഗ്രചി

ത്തയ്ക്കും ബാഹ്യമായ ശുചിത്വവും അംഗവിന്യാസക്രമവും വിശുദ്ധഖുർആൻ നിഷ്കൃഷ്ടമായി വിധിച്ചിരിക്കുന്നത്. (അതായത് ആരാധനാകർമ്മങ്ങളിലും ആചാരമര്യാദകളിലും ഉള്ള ചലനങ്ങളെ എപ്പോഴും ഗൗനിക്കേണ്ടതാണ്. അമിതത്വം പാടില്ല) ബാഹേന്ദ്രിയങ്ങളുടെ വിവിധങ്ങളായ വ്യാപാരങ്ങൾ ആഭ്യന്തര ബോധങ്ങൾക്കുണ്ടാക്കിത്തീർക്കുന്ന ഫലങ്ങളെക്കുറിച്ച് ചിന്തിക്കുന്നതായാൽ, ശാരീരികവിധാനവും അംഗവിന്യാസവും ആത്മാവിനെ പ്രഭാവിതമാക്കിത്തീർക്കുന്നുവെന്ന് ബോധ്യമാകുന്നതാണ്. പറഞ്ഞു: ഇതേപ്രകാരം, നിസ്കാരത്തിൽ ചെയ്യപ്പെടുന്ന ശാരീരികമായ വണക്കം ആത്മാവിലും ഭക്തിവിനയാദി നമ്രഭാവങ്ങൾ ഉണ്ടാക്കിത്തീർക്കുന്നതാണ്. എന്നാൽ നെഞ്ചുന്തിയും കഴുത്തുവീർപ്പിച്ചും നടക്കുന്നതായാൽ അത് അഹംഭാവവും ദുരഭിമാനവും ജനിപ്പിക്കുന്നതായിരിക്കും. ഈ ദൃഷ്ടാന്തങ്ങളാൽ ബാഹ്യമായ അംഗവിന്യാസം ആത്മീയസ്ഥിതിയെ തദനുരൂപം സ്വാധീനിക്കുന്നുവെന്ന് സ്പഷ്ടമാകുന്നുണ്ട്.

ഇതേപ്രകാരംതന്നെ, ഭക്ഷണക്രമവും ഹൃദയത്തേയും മാനസികശക്തികളേയും പ്രഭാവിതമാക്കിത്തീർക്കുന്നുവെന്നത് അനുഭവവിദിതമാണ്. ഉദാഹരണമായി മാംസാഹാരം പറ്റെ വർജ്ജിക്കുന്ന തനി സസ്യഭുക്കുകളുടെ ധൈര്യശക്തി ക്രമേണ കുറഞ്ഞുകൊണ്ടേപോവുകയും അവർക്ക് ഹൃദയദൗർബല്യം ബാധിക്കുകയും ഒടുവിൽ ദൈവദത്തമായ ഒരു ശ്ലാഘ്യഗുണം നഷ്ടമായിപ്പോവുകയും ചെയ്യുന്നു. ഇതിലേക്ക് പ്രകൃതിയിൽ ധാരാളം ദൃഷ്ടാന്തങ്ങൾ കാണാവുന്നതാണ്. മാംസഭോജിയായ മൃഗത്തിനുള്ളത്ര ശൗര്യം സസ്യലതാദികൾ തിന്നുജീവിക്കുന്ന മൃഗങ്ങളിലൊന്നിനുമുള്ളതായി കാണുന്നില്ല. പക്ഷിവർഗ്ഗത്തെ സംബന്ധിച്ചും ഇതുതന്നെയാണ് നാം കാണുന്നത്. തന്നിമിത്തം ഭക്ഷണക്രമത്തിന് സ്വഭാവരൂപവൽക്കരണത്തിൽ പങ്കുണ്ടെന്നതു നിർവിവാദമാകുന്നു. മാംസാഹാരം പരിവർജിക്കുന്നതു അബദ്ധമായിരിക്കുന്നതുപോലെതന്നെ അതിൽ അമിതത്വം കൈക്കൊള്ളുന്നതും സ്വഭാവ സംസ്കരണത്തിന് ഹാനികരമായിരിക്കുന്നതാണ്. സസ്യാഹാരം വളരെ കുറച്ച്, മാംസാഹാരം അധികമാക്കുന്നതായാൽ സഹനം, ശാന്തത എന്നീ ഗുണങ്ങൾ തുലോം കുറഞ്ഞുപോകും. എന്നാൽ, ഭക്ഷ്യകാര്യത്തിൽ ഒരു മദ്ധ്യനില കൈക്കൊള്ളുന്നവർക്ക് ധൈര്യമെന്നപോലെതന്നെ സഹനം ശാന്തത എന്നീ ഗുണങ്ങളും ഉണ്ടാകും. ഈ തത്ത്വത്തെ പരിഗണിച്ച് വിശുദ്ധഖുർആൻ ഉപദേശിക്കുകയാണ്: ***കുലൂ വശ്റബൂ വലാ തുസ്രിഫൂ.*** (മാംസവും മറ്റു സാധനങ്ങളും ഭക്ഷിച്ചുകൊള്ളുവിൻ. (സ്വഭാവസംസ്കരണത്തിനും ആരോഗ്യത്തിന് ഹാനികരമാകാതിരിക്കുന്നതിനും ഒന്നിലും) അമിതത്ത്വനില കൈക്കൊള്ളരുത്. ശാരീരികമായ ചേഷ്ടകളും കർമ്മങ്ങളും ആത്മാവിൽ സ്വാധീനം ചെലുത്തുന്നതുപോലെതന്നെ, ആത്മാവിന്റെ ചൈതന്യവിശേഷം ശരീരത്തേയും പ്രഭാവിതമാക്കിത്തീർക്കുന്നതാണ്. ശോകഭരിതനാകുന്ന വ്യക്തിയുടെ കണ്ണുകൾ അശ്രുപൂർണ്ണമാകുന്നതുപോലെ, സന്തോഷമുണ്ടാകുമ്പോൾ അവൻ മന്ദസ്മിതനായിത്തീരുന്നു."

ഭക്ഷണവസ്തുക്കൾ ധാർമ്മികമായ ഗുണത്തേയും ബാധിക്കുന്നുവെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇവിടെ പറയുന്നു. സ്വഭാവത്തെ ദോഷകരമായി ബാധിക്കുമ്പോൾ അല്ലാഹുവിനെ അനുസരിക്കുന്നതിനേയും അത് ബാധിക്കും എന്നത് വ്യക്തമാണ്. ഇതിന്റെ ഫലമായി ആരാധനാകർമ്മങ്ങൾക്കും കോട്ടം തട്ടുന്നതാണ്.

പറഞ്ഞു: ആഹാരസാധനങ്ങൾ മനുഷ്യന്റെ സ്വഭാവത്തെ ബാധിക്കുന്നു. അഹങ്കാരം തുടങ്ങിയവയുണ്ടാകുന്നു. കഴുത്ത് വീർപ്പിച്ച് നടക്കുന്നവനെക്കുറിച്ച് പറയുകയുണ്ടായി, അത്തരം മനുഷ്യൻ തന്റെ സൗന്ദര്യമായി കാണുന്നത് ആ അഹങ്കാരത്തെയായിരിക്കും. നമ്രവിനയാദിഭാവങ്ങൾ അവനിലുണ്ടാവുകയില്ല. ഇതില്ലെങ്കിൽ അല്ലാഹുവിനെ ആരാധിക്കുന്നതിലേക്കും ശ്രദ്ധയുണ്ടാവില്ല. ലോകരെ കാണിക്കുന്നതിനുവേണ്ടി പള്ളിയിൽ വല്ലപ്പോഴും വന്നാൽ തന്നെ അത് ലോകർക്കുവേണ്ടിയായിരിക്കും. അല്ലാഹുവിനോടുള്ള തഖ്‌വ കാരണത്താലായിരിക്കുകയില്ല. പള്ളിയുടെ സൗന്ദര്യവും തഖ്‌വയും ആഹാരം കഴിക്കുന്നതും തമ്മിൽ എന്തു ബന്ധമെന്ന് ചോദിച്ച് ചിലർ ആക്ഷേപിക്കാറുണ്ട്. അശനപാനീയങ്ങളും സ്വഭാവരൂപവൽക്കരണത്തെ ബാധിക്കുന്നുവെന്ന് ഇവിടെ പ്രകടമാക്കുകയുണ്ടായി. ആക്ഷേപകരുടെ ചിന്താശൂന്യതയാണ് ഇത്തരം ആക്ഷേപങ്ങൾ. അല്ലാഹുവിന്റെ പ്രവർത്തനങ്ങളിൽ വലിയ യുക്തിയുണ്ട്.

അസ്റാഫ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അനാവശ്യചെലവുകൾ എന്നതുമാണ്. ഏതെങ്കിലും കാര്യത്തിൽ അശ്രദ്ധനാവുന്നതിനും അസ്റാഫ് എന്നു പറയും. തിന്നുക, കുടിക്കുക എന്നതുകൊണ്ട് ആ ക്രിയകൾ മാത്രമല്ല ഉദ്ദേശ്യം. ദുനിയാവിലെ എല്ലാ സുഖസൗകര്യങ്ങളുടെ ഉപയോഗവും ഇതിൽപെടുന്നതാണ്. അല്ലാഹു പറയുന്നു: ഞാൻ നിങ്ങൾക്ക് നല്കിയിരിക്കുന്ന അനുഗ്രഹങ്ങൾ നിങ്ങൾ ഉപയോഗിച്ചുകൊള്ളുക. പരിശുദ്ധവും വൃത്തിയും വെടിപ്പുമുള്ളതുമായ എല്ലാം ഉപയോഗിച്ചുകൊള്ളുക. നിങ്ങളുടെ സേവനത്തിനായി നല്കപ്പെട്ടിരിക്കുന്ന എല്ലാ വസ്തുക്കളും ഉപയോഗിച്ചുകൊള്ളുക. പക്ഷേ, അതിനും ചില പരിധികളുണ്ട്. എന്നാൽ എപ്പോഴും ആ സുഖസൗകര്യങ്ങൾ മാത്രം അന്വേഷിച്ചുകൊണ്ടിരിക്കുകയും ആരാധനാകർമ്മങ്ങളിൽ അശ്രദ്ധരും അലസരുമായിത്തീരുകയുമരുത്. നല്ലൊരു യാത്രാവാ

ഹനം നല്ലൊരു കാറ്, നല്ലൊരു വീട് മറ്റുള്ള സൗകര്യങ്ങളെല്ലാം നിങ്ങളുടെ സുഖക്ഷേമത്തിന്നായിട്ടുള്ളതാണ്. എന്നാൽ ഓർമ്മിക്കുക യഥാർത്ഥ കാര്യം തഖ്‌വയാണ്. തഖ്‌വയിൽ നിലനിന്നുകൊണ്ട് അല്ലാഹുവിന്റെ വീടുകളെ ജനവാസമുള്ളതാക്കിത്തീർക്കേണ്ടതാണ്.

ഭൗതികമായ സൗന്ദര്യം നിങ്ങളുടെ യഥാർത്ഥ സൗന്ദര്യത്തിൽനിന്ന് നിങ്ങളെ അശ്രദ്ധരാക്കാൻ പാടില്ല. അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റുന്നതിൽനിന്ന് നിങ്ങളെ അത് അകറ്റിക്കൊണ്ടുപോകുന്നതാകാനും പാടില്ല. ആരാധനാകർമ്മങ്ങളിലും ഉദാത്തമായ സ്വഭാവങ്ങളിലുമാണ് നിങ്ങളുടെ യഥാർത്ഥ സൗന്ദര്യം നിലകൊള്ളുന്നത്. അല്ലാഹു നിങ്ങൾക്ക് നല്കിയിരിക്കുന്ന നിങ്ങളുടെ ധനം നിങ്ങളെ അല്ലാഹുവിൽനിന്ന് അശ്രദ്ധരാക്കുന്നതായി തീരരുത്. മറിച്ച്, കൂടുതൽ നിങ്ങളെ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരാക്കിത്തീർക്കണം. ഇക്കാലഘട്ടത്തിൽ നമുക്ക് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗ്രഹം കൊണ്ട് ഈ യുക്തിനിർഭരമായ അദ്ധ്യാപനത്തെ മനസ്സിലാക്കാൻ കഴിഞ്ഞതിൽ നമ്മൾ അല്ലാഹുവിന് നന്ദി പ്രകാശിപ്പിക്കുന്നു. അല്ലാഹുവിന്റെ നന്ദിയുള്ള ദാസരായി, തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ട് നാം അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കുന്നു. അവന്റെ മാർഗ്ഗത്തിൽ അവൻ നല്കിയിട്ടുള്ള അനുഗ്രഹങ്ങളിൽനിന്ന് ചെലവഴിക്കുന്നു. ഈ ചിന്താഗതിയാണ് ഓരോ അഹ്മദിക്കും ഉണ്ടാകേണ്ടത്. നമ്മുടെ മഹത്വവും സൗന്ദര്യവും ഒന്നും, കഴുത്ത് വീർപ്പിച്ച് നടക്കുന്നതിലോ പണത്തിന്റെ പ്രകടനത്തിലോ അല്ല. മറിച്ച്, അല്ലാഹു പറഞ്ഞിട്ടുള്ള വഴിയിലൂടെ നടന്നുകൊണ്ട് അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതിലും അവന്റെ വഴിയിൽ ചെലവഴിക്കുന്നതിലുമാണ്. ഈ ചിന്താഗതി നമ്മളിൽ നിലനില്ക്കുവോളം നാം അല്ലാഹുവിന്റെ അനുഗ്രഹത്തിൽ ഭാഗഭാക്കായിക്കൊണ്ടിരിക്കുന്നതാണ്. അവന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശികളുമായിരിക്കും.

ഭൗതികത എങ്ങും നടമാടിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിച്ചുകൊണ്ട് അവന് ഭവനങ്ങൾ നിർമ്മിക്കാനും അവനെ ആരാധിച്ചുകൊണ്ട് സ്വയം തങ്ങളെ അലങ്കരിക്കാനും സ്വന്തം മക്കളിലും ഉന്നതമായ ശിക്ഷണത്തിലൂടെ ഈ ചൈതന്യം പകരാനും ശ്രമിക്കുന്നത് അഹ്മദികൾ മാത്രമാണ്.

ഇവിടെ എനിക്കൊരു കാര്യം ഓർമ്മവരുന്നു. ഞങ്ങളുടെ കുട്ടിക്കാലത്ത് തഹ്‌രീകെ ജദീദിൽ മസ്ജിദ് നിർമ്മാണത്തിന്റെ ഒരു വകുപ്പുമുണ്ടായിരുന്നു. ഇപ്പോഴും അതുണ്ടായിരിക്കണം. പക്ഷേ, ചില കാരണങ്ങളാൽ പാക്കിസ്ഥാനിൽ ഇക്കാര്യത്തിൽ അധികം സമ്മർദ്ദം ചെലുത്താറില്ല. വിദേശത്തുണ്ടോ ഇല്ലേ എന്നറിയില്ല.

ഇതിലേക്ക് പൊതുവെ കുട്ടികളായ ഞങ്ങൾ ചന്ദ കൊടുക്കാറുണ്ടായിരുന്നു. പുതിയ ക്ലാസ്സിലേക്ക് വിജയിക്കുന്ന അവസരത്തിലോ മറ്റ് സന്തോഷാവസരത്തിലോ ഇത് പ്രത്യേകം നല്കുമായിരുന്നു. സന്തോഷദിനങ്ങളിൽ വലിയവർ കുട്ടികൾക്ക് നല്കുന്ന പണത്തിൽനിന്നോ പോക്കറ്റ് ചെലവിനായി നല്കുന്നതിൽനിന്നോ ആണ് ഈ ചന്ദ കൊടുത്തിരുന്നത്. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തിന്റെ മുക്കിലും മൂലയിലും അസംഖ്യം അഹ്മദീ കുട്ടികളാണ് പരീക്ഷയിൽ ജയിച്ചുവരുന്നത്. ഓരോ വർഷവും ഈ വിജയത്തിന്റെ ആഹ്ലാദത്തിൽ ഇതിലേക്ക് ചന്ദ നല്കാൻ ശാഖാസംഘടനകളും ജമാഅത്തും അവരെ പ്രോത്സാഹിപ്പിച്ചാൽ അല്ലാഹുവിന്റെ ഭവനം നിർമ്മിക്കുന്നതിനായി സാമ്പത്തികത്യാഗത്തിന്റെ ശീലം അവരിൽ വളർത്തുകയായിരിക്കും ചെയ്യുന്നത്. അതിനോടൊപ്പം അവർ അല്ലാഹുവിന്റെ അനുഗ്രഹം സ്വരുക്കൂട്ടിക്കൊണ്ട് നല്ലഭാവിയും ഒരുക്കുകയായിരിക്കും ചെയ്യുന്നത്. മാതാപിതാക്കളും ഇക്കാര്യത്തിൽ കുട്ടികൾക്ക് തർബിയ്യത്ത് കൊടുക്കേണ്ടതാണ്. അവർക്ക് പ്രചോദനം നല്കേണ്ടതാണ്. എന്നാൽ, അല്ലാഹു ആ മാതാപിതാക്കളേയും ഒരുപാട് പരീക്ഷണങ്ങളിൽനിന്ന് രക്ഷപ്പെടുത്തുന്നതാണ്; പ്രത്യേകിച്ച് ഇന്നത്തെ ഈ ചുറ്റുപാടിൽ. നമ്മൾ ഹസ്റത്ത് മസീഹ് മൗഊദ്(അ) എങ്ങനെ തന്റെ ജമാഅത്തിനെ ഒരുക്കിയെടുക്കാനാഗ്രഹിച്ചുവോ അതനുസരിച്ച് ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്നവരും കിഴക്കും പടിഞ്ഞാറും പള്ളികൾ നിർമ്മിക്കുന്നവരുമായിത്തീരട്ടെ. തഖ്‌വനിറഞ്ഞ ഹൃദയങ്ങളെക്കൊണ്ട് ഈ പള്ളികളെ നിറയ്ക്കുന്നവരായിത്തീരട്ടെ. ഇൻശാഅല്ലാഹ്. പള്ളിനിർമ്മാണം കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ തബ്‌ലീഗിന്റെ ഒരുപാട് വഴികൾ തുറക്കുന്നതാണ്, തുറന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ട് നമ്മളും അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ നില നാട്ടേണ്ടതായി വരും. അല്ലാഹു നമുക്കിതിന് തൗഫീഖ് നല്കുമാറാകട്ടെ.

ഇന്ന് ഈ പള്ളിയുടെ ഉദ്ഘാടനവേളയിൽ ഇവിടത്തെ പഴയകാല അഹ്മദികളെ, ആത്മാർത്ഥരായ രണ്ടഹ്മദികളെക്കുറിച്ച് തീർച്ചയായും നിങ്ങൾ ഓർക്കുന്നുണ്ടാകും. അവർ ഇവിടത്തെ ആദ്യകാല അഹ്മദികളിൽപ്പെട്ടവരാണ്. അവരാണ് ഇവിടെ ജമാഅത്ത് രൂപീകരിച്ചത്. അവരുടെ കുട്ടികൾ പ്രായമായപ്പോൾ ഇവിടെന്ന് പാക്കിസ്ഥാനിലേക്ക് പോകാൻ

അവരാഗ്രഹിച്ചിരുന്നു. എന്നാൽ, ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ "ഇവിടെ ആദ്യം ജമാഅത്തുണ്ടാക്കുക, എന്നിട്ട് പൊയ്ക്കൊള്ളുക" എന്ന നിർദ്ദേശമനുസരിച്ച് മതപ്രബോധനമെന്ന ആത്മാവോടുകൂടി അവർ ഇവിടെ പ്രവർത്തിക്കുകയും ജമാഅത്ത് രൂപീകരിക്കുകയും ചെയ്തു. അങ്ങനെ തദ്ദേശവാസികളിലും അഹ്മദിയ്യത്ത് പരന്നു. ഈ ജമാഅത്തിന്റെ ശിക്ഷണവും തദ്ദേശവാസികളുടെ സ്നേഹവും അവർക്ക് ലഭിച്ച പ്രബോധനത്തിന്റെ രുചിയുംകൊണ്ട് നാട്ടിലേക്ക് പോകേണ്ട കാര്യം അവർ മറന്നുപോയി. അങ്ങനെ അവർ ഇവിടെത്തുകാരായിത്തീർന്നു. അവർ രണ്ടുപേരും ഇവിടെത്തന്നെ മരിക്കുകയും ചെയ്തു. അവരുടെ കബർ ഉള്ളതും ഇവിടെത്തന്നെയാണ്. ഇന്ന് ഡോക്ടർ ഹമീദ്ഖാൻ സാഹിബിന്റേയും സാജിദ അമീർ സാഹിബായുടേയും ആത്മാവും ഈ പള്ളിനിർമ്മാണത്തിന്റെ പ്രതിഫലം പറ്റുന്നുണ്ടാകും. അവരുടെ പരിശ്രമഫലമായാണ് ഈ സ്ഥലം വാങ്ങിയത്. അവരുടെ ആഗ്രഹത്താൽതന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പള്ളിനിർമ്മാണവും പൂർത്തിയായി. ആത്മാർപ്പണം ചെയ്ത ഇവർ രണ്ടുപേർക്കും വേണ്ടി നിങ്ങൾ ദുആ ചെയ്യുക. അല്ലാഹു അവരുടെ ആത്മീയപദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കളേയും അഹ്മദിയ്യത്തിന്റെ യഥാർത്ഥ സേവകരാക്കുമാറാകട്ടെ. ഇവർക്ക് നാല് മക്കളുണ്ട്. മൂത്ത മകൾ ഇവിടെത്തന്നെ താമസിച്ചുവരുന്നു. മാശാഅല്ലാഹ്. തന്റെ മാതാപിതാക്കളുടെ കാലടിപ്പാതയിലൂടെ സഞ്ചരിക്കാൻ അവർ ശ്രമിക്കുന്നു. അല്ലാഹു അവരുടെ ജോലിയിലും അറിവിലും കൂടുതൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. ചെറിയ മകനും ഇവിടെയുണ്ടായിരുന്നു. വിദ്യാഭ്യാസം കഴിഞ്ഞ് ഇപ്പോൾ ലണ്ടനിലാണുള്ളത്. തന്റെ മാതാപിതാക്കൾ തുടങ്ങിവെച്ച പ്രവൃത്തികൾ മുന്നോട്ടുകൊണ്ടുപോകാൻ അദ്ദേഹം ഇവിടെവന്ന് താമസിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

എന്തായാലും ഹാർട്ട്ലെ പൂളിന്റെ അഹ്മദിയ്യാ ചരിത്രം വിരചിതമാകുമ്പോൾ ഇവിടെത്തെ ജമാഅത്തിന്റെ ചരിത്രം എഴുതപ്പെടുമ്പോൾ ഇവിടെ ജമാഅത്ത് രൂപീകരിച്ച ഈ ദമ്പതികളുടെ നാമം ഏറ്റവും അധികം പ്രകാശിക്കുന്നതായിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ ഇവിടെ ഒരുപാടാളുകളുണ്ട്. പുറത്തുനിന്നും ആളുകൾ ഇവിടെവന്ന് താമസിക്കുന്നുണ്ട്. അല്ലാഹു ഇവർക്കെല്ലാം ആ ദമ്പതികളുടെ ചവിട്ടടികളിലൂടെ നടന്നുകൊണ്ട് പ്രബോധനരംഗത്ത് മുന്നേറാനും ജമാഅത്തിന്റെ വർദ്ധനവിന് കാരണമാകാനും ഈ പള്ളി പണിയാനുള്ള യഥാർത്ഥ ഉദ്ദേശ്യം പൂർത്തീകരിക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

മറ്റൊന്ന് ഞാൻ പറയാനാഗ്രഹിക്കുന്നത് തഹ്രീകെ ജദീദിന്റെ പുതുവർഷ പ്രഖ്യാപനത്തെക്കുറിച്ചാണ്. നവംബർ ഒന്നുമുതൽ തഹ്രീകെ ജദീദിന്റെ പുതുവർഷം ആരംഭിച്ചുകഴിഞ്ഞു. എന്നാൽ കഴിഞ്ഞ വെള്ളിയാഴ്ച പെരുന്നാളായതിനാൽ ഇതിന്റെ വിളംബരം നടത്താൻ കഴിഞ്ഞില്ല. അതുകൊണ്ട് ഇന്ന് ഞാൻ തഹ്രീകെ ജദീദിന്റെ പുതുവർഷ വിളംബരം നടത്തുകയാണ്. ഹാർട്ട്ലെപൂളിൽവെച്ച് തഹ്രീകെ ജദീദിന്റെ വിളംബരം ചെയ്യുന്നത് ഇതാദ്യമാണ്. ഈ പുതിയ പള്ളിയുടെ ഉദ്ഘാടനത്തോടൊപ്പം തഹ്രീകെ ജദീദിന്റെ പുതുവർഷ വിളംബരവും ഇന്ന് നടക്കുകയാണ്. അന്യനാടുകളിൽപോയി തബ്ലീഗ് ചെയ്യാൻ മിഷണറിമാരെ വാർത്തെടുക്കുകയും അവിടെ മിഷൻ തുറക്കുകയും പള്ളികൾ നിർമ്മിക്കുകയും ചെയ്യുക എന്നതായിരുന്നു തഹ്രീകെ ജദീദിന് ആരംഭം കുറിച്ചുകൊണ്ട് രണ്ടാം ഖലീഫ ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഉദ്ദേശിച്ചത്. അങ്ങനെ ഇസ്ലാം- അഹ്മദിയ്യത്തിന്റെ സന്ദേശം ലോകത്ത് പരക്കണം. അവിടന്ന് ഒരിക്കൽ വളരെ വേദനയോടെ പറഞ്ഞു: ലോകത്തിന്റെ മുക്കിലും മൂലയിലും പള്ളികൾ ഉണ്ടാകണമെന്ന് ഞാനാഗ്രഹിക്കുന്നു. ദീർഘകാലമായി ത്രിയേകത്വത്തിന്റെ ശബ്ദം ഉയരുന്ന ലോകത്ത് ഏകദൈവത്തിന്റെ നാമം മുഖരിതമാകണം. ഇന്ന് നമ്മൾ എന്തായാലും കുറച്ചുപേരുണ്ട്. ക്രിസ്തുമതത്തിന്റെ തട്ടകത്തിൽ ഏകനായ ദൈവത്തിന്റെ നാമം ഉയർത്തുന്നതിനുവേണ്ടി മറ്റൊരു പള്ളി നാം ഇവിടെ നിർമ്മിച്ചിരിക്കുന്നു. പക്ഷേ, ഇത് നമ്മുടെ അവസാനത്തെ പ്രവൃത്തിയല്ല. നമ്മുടെ ഉദ്ദേശ്യം പൂവണിയുന്നത് ഓരോ പട്ടണത്തിലും ഓരോ കസബയിലും ഓരോ ഗ്രാമത്തിലും ഏകനായ അല്ലാഹുവിന്റെ നാമം ഉയർത്തുന്നതിനുവേണ്ടി പള്ളികൾ നിർമ്മിക്കുമ്പോഴാണ്. ഏകനായ അല്ലാഹുവിനെ ആരാധിക്കുന്നവരെക്കൊണ്ട് ആ പള്ളികൾ നിറയ്ക്കുമ്പോഴാണ്. ഈ ചൈതന്യത്തോടുകൂടിയാണ് 'വാഖ്ഫീനെ സിന്ദഗി' തങ്ങളുടെ ജീവിതം അർപ്പണം ചെയ്യുന്നത്. നമ്മുടെ എല്ലാ മുബല്ലിഗുമാരും ജീവിതം വഖ്ഫ് ചെയ്തിട്ടുള്ളവരും ഈ ചൈതന്യത്തോടെയാണ് തങ്ങളുടെ വഖ്ഫ് നിറവേറ്റേണ്ടത്. ഈ ചൈതന്യത്തോടുകൂടിയാണ് തഹ്രീകെ ജദീദിന്റെ കർമ്മഭടന്മാർ സാമ്പത്തികത്യാഗം അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കേണ്ടതും. ഈ വികാരം ഓരോ ഹൃദയത്തിലുമുണ്ടാകുമ്പോൾ ത്യാഗങ്ങളുടെ നിലവാരവും മെച്ചപ്പെടും. നിർബന്ധിതനായിക്കൊണ്ട് ആരും തഹ്രീകെ ജദീദിൽ അംഗങ്ങളാവുകയില്ല. മറിച്ച്, ഹൃദയാവേശത്തോടും അഭിനിവേശത്തോടുംകൂടി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ഈ പദ്ധതിയിൽ പങ്കെടുക്കുന്നതായിരിക്കും.

ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തആല

തന്റെ ഖിലാഫത്തിന്റെ പ്രാരംഭകാലഘട്ടത്തിൽ 'ദഫ്തറെ ഔവ്വലി'ൽ അംഗങ്ങളായ അയ്യായിരം അംഗങ്ങളുടെ രജിസ്റ്റർ ഒരിക്കലും മരിക്കാൻ പാടില്ലെന്ന് പറഞ്ഞിരുന്നു. ആ മഹാത്മാക്കളുടെ ബന്ധുക്കൾ അവരുടെ രജിസ്റ്റർ ജീവിപ്പിച്ചുനിർത്താൻ ശ്രമിക്കേണ്ടതാണ്. അക്കാലത്ത് വിളംബരങ്ങൾ നേരിട്ട് കേൾക്കാനുള്ള മാർഗ്ഗമൊന്നുമുണ്ടായിരുന്നില്ല. എല്ലാവരിലും ഇത് എത്തീട്ടുമുണ്ടാവുകയില്ല. ഈ വിളംബരം ഉണ്ടായിട്ടും ആരും ഇതിലേക്ക് ശ്രദ്ധിച്ചില്ല. എന്നാൽ, കഴിഞ്ഞവർഷം ഞാനിത് പറഞ്ഞപ്പോൾ ആ മഹാത്മാക്കളുടെ മക്കളും മറ്റു ബന്ധുക്കളും ഇതിലേക്ക് പണമയക്കുകയുണ്ടായി. ഏകദേശം മൂവായിരത്തിഅഞ്ഞൂറ് മരിച്ച രജിസ്റ്ററുകൾക്ക് ജീവൻ വീണു. അവസാനം ആ മഹാത്മാക്കൾ കൊടുത്ത തുകയനുസരിച്ചാണ് ഇപ്പോൾ അവരുടെ ബന്ധുക്കൾ ചന്ദകൊടുക്കാൻ തുടങ്ങിയിട്ടുള്ളത്. ഇൻശാഅല്ലാഹ് ഇത് തുടർന്നുകൊണ്ടേപോകും.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെ കിട്ടിയ റിപ്പോർട്ടനുസരിച്ച് മൊത്തം മുപ്പത്തിനാല് ലക്ഷത്തി നാല്പത്തിമൂവായിരം പൗണ്ടാണ് പിരിഞ്ഞുകിട്ടിയിട്ടുള്ളത്. പല സ്ഥലത്തും പണത്തിന്റെ മൂല്യം കുറയുന്നതുകൊണ്ട് വിലയിൽ വലിയ മാറ്റമുണ്ടാകുന്നു. കഴിഞ്ഞവർഷത്തേക്കാൾ പിരിഞ്ഞു കിട്ടിയ തുക മൂന്ന്ലക്ഷത്തിപതിനെട്ടായിരം പൗണ്ട് അധികമാണ്. പാക്കിസ്ഥാനാണ് ഒന്നാം സ്ഥാനം. അമേരിക്ക, ബ്രിട്ടൻ, ജർമ്മനി, കാനഡ, ഇന്തോനേഷ്യ, ഇന്ത്യ, ബൽജിയം, ആസ്ത്രേലിയ, മൊറേഷ്യസ്, സ്വിറ്റ്സർലന്റ്.

ആസ്ത്രേലിയ ഇപ്രാവശ്യം കഠിനപ്രയത്നം നടത്തിയിട്ടുണ്ട്. പത്താംസ്ഥാനത്ത് നിന്നവർ ഒമ്പതാം സ്ഥാനത്തെത്തിയിരിക്കുന്നു. ആഫ്രിക്കൻ രാജ്യങ്ങളിൽ നൈജീരിയ ഇപ്രാവശ്യം നല്ലവണ്ണം പ്രവർത്തിച്ചിട്ടുണ്ട്. കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് അവർ ഇപ്രാവശ്യം ഇരട്ടിതുക പിരിച്ചെടുത്തിട്ടുണ്ട്. ആഫ്രിക്കൻ ജമാഅത്തുകളിൽ നൈജീരിയ ഒന്നാം സ്ഥാനത്താണ്.

തഹ്‌രീകെ ജദീദിലെ അംഗങ്ങൾ നാല് ലക്ഷത്തി നാല്പത്തിരണ്ടായിരമാണ്. ഇതിലൊരുപാട് വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കും. അംഗങ്ങളെ വർദ്ധിപ്പിക്കാൻ ഞാൻ ജമാഅത്തുകളോട് പറഞ്ഞിട്ടുമുണ്ട്. ഇത് വർദ്ധിപ്പിക്കുകയാണെങ്കിൽ പല ഇരട്ടികളായിത്തീരുന്നതാണ്. കഴിഞ്ഞവർഷത്തെക്കാൾ ഇരുപത്തിനാലായിരം ആളുകൾ അധികമായി ഈ ത്യാഗത്തിൽ പങ്കെടുത്തിട്ടുണ്ട്.

പാക്കിസ്ഥാന്റെ കാര്യം പ്രത്യേകം പറയാറുണ്ട്. അവിടെ ഒന്നാം സ്ഥാനം ലാഹോർ, രണ്ടാം സ്ഥാനം റബ്‌വ, മൂന്നാം സ്ഥാനം കറാച്ചി എന്നിങ്ങനെയാണ്. നല്ല പ്രവർത്തനം കാഴ്ചവെച്ച പാക്കിസ്ഥാനിലെ ജമാഅത്തുകൾ ഇനി പറയുന്നവയാണ്. ഇസ്‌ലാമാബാദ്, റാവൽപിണ്ടി, കോയിട്ട, മുൾട്ടാൻ, സർഗോദ, കുൺട്രി, ബഹാൽപൂർ, ഡേറാഖാസിഖാൻ, മർദാൻ, ഖാനെവാൾ. ഇതിനുപുറമെ ചെറിയ ജമാഅത്തായ കോട്‌ലി ഗ്രാമീണ ജമാഅത്തുകളായ കോക്കർഗട്ടി, ഗട്ടിയാലിയ, ബശീറാബാദ് സിന്ധ്, മുസഫർഗഡ്, മദീൻ, മിഠി തുടങ്ങിയവരെല്ലാം നല്ലവണ്ണം പ്രവർത്തിക്കുകയുണ്ടായി. ജില്ലാതലത്തിലും പ്രവർത്തനത്തെ സംബന്ധിച്ച് പറയാറുണ്ട്. സിയാൽകോട്ട്, മീർപൂർ ഖാസ്, ബഹാവൽനഗർ, നറോവാൾ, ഹൈദരാബാദ്, പിശാവർ, മീർപൂർ ആസാദ്കശ്മീർ, സാൽഗർ, മണ്ടിബഹാവുദ്ദീൻ, ഖുസൂർ ഈ രീതിയിലാണ് ഇവരുടെ സ്ഥാനങ്ങൾ.

ഈ ത്യാഗങ്ങൾ ചെയ്തവർക്കെല്ലാം അല്ലാഹു അവരുടെ സമ്പത്തിലും ആയുസ്സിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. ഇവരെല്ലാം അല്ലാഹുവിന്റെ സ്നേഹദൃഷ്ടി പ്രാപിക്കുന്നവരാകട്ടെ. തുടർന്നും ഈ ത്യാഗങ്ങളെ വർദ്ധിപ്പിക്കുന്നവരായിത്തീരട്ടെ. തങ്ങളുടെ ജന്മോദ്ദേശ്യം തിരിച്ചറിയുന്നവരായിത്തീരട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 11.11.2005 at Nasir Masjid, Hartle Pool, England

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala